**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5613** **24-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആയുർ ദൈർഘ്യവും അണുകുടുംബ വ്യവസ്ഥയും മൂലം സംജാതമായിരിക്കുന്ന സാമൂഹിക വ്യവസ്ഥയും ക്രമാതീതമായി വർദ്ധിച്ച് വരുന്ന ജീവിത ശൈലി രോഗങ്ങളും ഒറ്റപ്പെടുന്ന വാർദ്ധക്യവുമെല്ലാം സംസ്ഥാനത്ത് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ആയുർ ദൈർഘ്യം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതലായതിനാലും കേരള സമൂഹത്തിലെ ഇന്നത്തെ അണുകുടുംബ ജീവിത വ്യവസ്ഥയിൽ ജീവിതശൈലി രോഗങ്ങളും ഒറ്റപ്പെടുന്ന വാർദ്ധക്യങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിലും ഒരു ശക്തമായ പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന്റെ ആവശ്യകത അത്യന്താപേക്ഷിതമാണ്. ഈ അവസ്ഥ മുന്നിൽക്കണ്ട് രണ്ടു ദശാബ്ദങ്ങൾക്കു മുമ്പ് തന്നെ കേരളത്തിൽ സാന്ത്വന ചികിത്സാരംഗം ശാക്തീകരിക്കപ്പെട്ടു തുടങ്ങിയിരുന്നു. അപ്രകാരം 2008 ൽ പാലിയേറ്റീവ് കെയർ നയം നടപ്പിലാക്കിക്കൊണ്ട് 'സാന്ത്വന പരിചരണ പദ്ധതി' യെ ഒരു സംസ്ഥാന പദ്ധതിയായി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 2019-ൽ പുതുക്കിയ പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിച്ചുകൊണ്ട് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചു. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണമെന്ന കേരള സംസ്ഥാന സർക്കാരിന്റെ 2019 ലെ പാലിയേറ്റീവ് കെയർ നയപ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, 35-ൽ പരം എൻ ജി ഒ കളും സാമൂഹ്യാധിഷ്ഠിത സംഘടനകളും ആരോഗ്യ വകുപ്പും ചേർന്നാണ് സംസ്ഥാനത്തെ പാലിയേറ്റീവ് പരിചരണം പ്രാവർത്തികമാക്കി വരുന്നത്. ആശുപത്രികളിലെപ്പോലെത്തന്നെ ഗൃഹപരിപാലനത്തിലും ഊന്നൽ നൽകുന്നതാണ് 2019 ലെ പുതുക്കിയ പാലിയേറ്റീവ് പരിശീലന നയം. |

| | | | |
|---|---|---|---|
| | | | സാമ്പത്തികമോ സാമൂഹികമോ വ്യക്തിപരമോ ആയ ബുദ്ധിമുട്ടുകൾക്ക് വിധേയമാകാതെ, സമൂഹത്തിന്റെ പിന്തുണയുള്ളതും ഗാർഹിക പരിചരണത്തിലൂന്നിയതുമായ നിലവാരമുള്ള ഫലപ്രദമായ പാലിയേറ്റീവ് കെയർ സേവനങ്ങൾ കേരളത്തിലെ ഓരോ വ്യക്തിക്കും ലഭ്യമാക്കുന്നു എന്നു ഉറപ്പ് വരുത്തുന്നതാണ് പുതുക്കിയ പാലിയേറ്റീവ് കെയർ പോളിസിയുടെ ലക്ഷ്യം. പ്രസ്തുത പാലിയേറ്റീവ് കെയർ നയരേഖയിൽ കേരളത്തിലുള്ള പാലിയേറ്റീവ് കെയർ ആവശ്യമാകുന്ന രോഗികൾക്കുള്ള ത്രിതല ചികിത്സാ സൗകര്യങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. പാലിയേറ്റീവ് കെയർ നൽകുന്ന ആരോഗ്യ പ്രവർത്തകരുടെ പരിശീലനവും, സ്ഥാപനങ്ങളുടെ ശേഷി പരിപോഷണവും നടത്തുന്നു. പൊതുജനങ്ങൾക്കിടയിൽ സാന്ത്വന പരിചരണത്തിന്റെ അവബോധം, അതിന്റെ പ്രാധാന്യം, സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ എന്നിവ നേടിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. സാന്ത്വന പരിചരണ രംഗത്തെ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്ഥാപനങ്ങൾ, എൻ.ജി.ഒ സാമുദായിക സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആയുഷ് വകുപ്പ് തുടങ്ങിയവയുടെ പങ്ക് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സജ്ജമാക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പാലിയേറ്റീവ് കെയർ നയരേഖ അടിസ്ഥാനമാക്കിയുള്ള ഒരു മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് സർക്കാർ, സ്വകാര്യ മേഖലകളിലായി എത്ര അംഗീകൃത പാലിയേറ്റീവ് സെന്ററുകൾ പ്രർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ പ്രാഥമികതല സാന്ത്വന പരിചരണ പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. 1075 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്രകാരം പ്രാഥമികതല പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 40താലൂക്ക് ആശുപത്രികളിലും 47 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും 36 ജില്ലാ/ജനറൽ ആശുപത്രികളിലും ദ്വിതീയതല പാലിയേറ്റീവ് പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. സ്വകാര്യ മേഖലയിലും സന്നദ്ധ മേഖലയിലും ആയി 500ഓളം പാലിയേറ്റീവ് കെയർ സംഘടനകൾ നിലവിൽ പ്രവർത്തനക്ഷമമാണ്. സർക്കാർ മേഖലയിൽ 1142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നതും ഇവയിലൂടെ 114439 |

| | | | |
|---|---|---|---|
| | | | രോഗികൾക്ക് പരിചരണം നൽകിവരികയുമാണ്. സർക്കാരിതര മേഖലകളിൽ അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്ന ഒട്ടനവധി പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവയുടെയെല്ലാം സഹകരണം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ മേഖലയിൽ 1100 ൽ ഏറെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുണ്ട്. പ്രധാന ആശുപത്രികളിൽ ഏതാണ്ട് 113 സെക്കന്ററി ലെവൽ യൂണിറ്റുകളും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഏതാണ്ട് 230 യൂണിറ്റുകളും ഉണ്ട്. ഇതിനോടൊപ്പം സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നടത്തി വരുന്നു. |
| (സി) | സർക്കാർ, സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് സെന്ററുകളെ ഏകോപിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ; | (സി) | സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ കേന്ദ്രങ്ങളെ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് പാലിയേറ്റീവ് കെയർ ഗ്രിഡ് സജ്ജമാക്കിയിട്ടുണ്ട്. സന്നദ്ധ സംഘടനകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തുകൊണ്ട് മാത്രമേ ഗൃഹസന്ദർശനത്തിലൂടെയുള്ള സാന്ത്വന പരിചരണം നൽകുവാൻ പാടുള്ളൂ. ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘടനകളും വോളണ്ടിയർമാരും സാർവ്വത്രിക സാന്ത്വന പരിചരണം നൽകുന്നതിന് മുതൽക്കൂട്ടാവുന്നതാണ്. പാലിയേറ്റീവ് കെയർ രംഗത്തെ ഇതുവരെയുള്ള നേട്ടങ്ങൾ ശക്തിപ്പെടുത്തിയും കൂടുതൽ വിപുലപ്പെടുത്തിയും കേരളത്തെ ഒരു സമ്പൂർണ്ണ പാലിയേറ്റീവ് സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹ്യ-സന്നദ്ധ സംഘടനകളെയും, സന്നദ്ധ പ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിലും മറ്റ് തലങ്ങളിലും ഏകോപിപ്പിച്ച് ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ വിപുലമായ ക്യാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി സംസ്ഥാനത്തെ എല്ലാ യൂണിറ്റുകളെയും ബന്ധിപ്പിച്ച് സേവനങ്ങളുടെ ഏകീകരണം, ഗുണമേന്മലഭ്യത എന്നിവ ഉറപ്പാക്കുകയാണ് ലക്ഷ്യം |
| (ഡി) | നിലവിലെ പാലിയേറ്റീവ് പ്രവർത്തകർക്കും സംഘടനകൾക്കും രജിസ്ട്രേഷൻ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ഡി) | നിലവിലെ പാലിയേറ്റീവ് കെയർ പ്രവർത്തകർക്കും സംഘടനകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ട് പുതുക്കിയ പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാന |

| | | | |
|---|---|---|---|
| | | | ആരോഗ്യവകുപ്പ് തയ്യാറാക്കിയിട്ടുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി രജിസ്ട്രേഷൻ സാധ്യമാകുന്നതാണ്. എല്ലാ സന്നദ്ധ സംഘടനകളും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് രജിസ്റ്റർ ചെയ്യപ്പെടേണ്ടത്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി നിലവിലുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനം ഒരുക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ തീരുമാനമായിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ അധികാര പരിധിയിലെ പാലിയേറ്റീവ് കെയർ സ്ഥാപനത്തിന്റെയും, സംഘടനകളുടെയും വിശദാംശം സമാഹരിച്ച് രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വീടുകളിൽ സാന്ത്വന പരിചരണം ലഭ്യമാക്കുന്ന എല്ലാ സംഘടനകളെയും സ്ഥാപനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ 'പാലിയേറ്റീവ് കെയർ ഗ്രിഡിൽ' രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരെ പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ഭാഗമാക്കി അവരുടെ നാട്ടിലുള്ള രോഗികൾക്ക് ആവശ്യമായ പിന്തുണ നൽകുവാൻ പ്രയോജനപ്പെടുത്തും. |

സെക്ഷൻ ഓഫീസർ